**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക വകുപ്പ് ഗുരുവായൂർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗുരുവായൂർ നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗുരുവായൂർ നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| പദ്ധതിയുടെ പേര് | അനുവദിച്ച തുക | വിശദാംശം |
|---|---|---|
| പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥല നവീകരണം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 100 ലക്ഷം | പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി ബഹു. ഗുരുവായൂർ നിയോജക മണ്ഡലം എം.എൽ.എ -യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി 07.12.2023 ൽ ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചു. 16.01.2024 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് പ്ലാൻ ഫണ്ട് വിഹിതവും കൂടി ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി നൽകി. 93.88 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. സാവൺ. കെ.ബി, തൃശ്ശൂർ എന്ന കരാറുകാരനാണ് 79.88 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും മഡ് കോർട്ട്, ഡ്രെയിനേജ് & ഇന്റർ ലോക്ക്, ടോയ്ലറ്റ് ബ്ലോക്ക്, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 5% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

Jayasree Pillai

**സെക്ഷൻ ഓഫീസർ**